**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4338** **18-03-2025 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ അനധികൃത പാറ ഖനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ഡോ. എം. കെ. മുനീർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഇടുക്കി ജില്ലയിൽ വ്യാപകമായി അനധികൃത പാറഖനനവും മണ്ണെടുപ്പും നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇടുക്കി ജില്ലയിൽ അനധികൃത ഖനനത്തിന് എതിരെ പരിശോധന നടത്തി 2023-2024 കാലയളവിൽ 137 കേസുകളിലും, 2024-25 കാലയളവിൽ 93 കേസുകളിലും കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015, കേരള ഭൂസംരക്ഷണ നിയമം 1957എന്നിവ പ്രകാരം പിഴ ഈടാക്കിയിട്ടുണ്ട്. കൂടാതെ അനധികൃത ഖനനം സംബന്ധിച്ച് ലഭിച്ച പരാതികളിൽ അന്വേഷണം നടത്തിയും തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഇക്കാര്യത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; കൂടുതലായി എന്തെല്ലാം നടപടികൾ കൂടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | സ്ഥലപരിശോധന നടത്തി അനധികൃത ഖനനം ബോദ്ധ്യപ്പെട്ടാൽ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിച്ച് വരുന്നു. സ്ഥലമുടമയുടെ വിവരങ്ങൾ ലഭ്യമല്ലാത്ത കേസുകളിൽ ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് കത്ത് അയക്കുകയും വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ സംയുക്ത സ്ഥല പരിശോധന നടത്തി നോട്ടീസ് അയച്ച് അനധികൃത ധാതു ഖനനത്തിന്റെ ഇനത്തിൽ സർക്കാരിന് സംഭവിച്ച നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. സർക്കാർ ഭൂമിയിൽ നിന്നും അനധികൃത ഖനനം ചെയ്യുന്നത് ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ കക്ഷികളിൽ നിന്നും സീനിയറേജ് തുക ഈടാക്കുകയും ചെയ്തു വരുന്നു. ഇത്തരം പ്രവൃത്തികൾ തടയുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് എല്ലാ താലൂക്ക്, സബ് ഡിവിഷൻ, ജില്ലാ തലത്തിൽ പരിശോധനാ സ്ക്വാഡുകൾ രൂപീകരിച്ചും, മൈനിംഗ് & ജിയോളജി വകുപ്പ് ജില്ലാ തലത്തിൽ സ്ക്വാഡ് |

| | | | |
|---|---|---|---|
| | | | രൂപീകരിച്ചും നിയമലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ